(ജി) 1996 ജൂണിന്ശേഷം ഇതുവരെ ഇതിനായി എന്തുതുക ചെല വാക്കിയിട്ടുണ്ട്;

(എച്ച്) നിർമ്മാണജോലികൾ പൂർത്തിയാക്കാനുള്ള എഗ്രിമെന്റ് പിരിവ് എന്നാണ് അവസാനിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴത്തെ നിലയിലെ മേൽ തട്ട് വാർത്തു കഴിഞ്ഞു.

(സി) 350 കിടക്കകളുള്ള വാർഡാണ്.

(ഡി) ഉണ്ട്. 10.3.98-ലെ ജി.ഒ.(സാ.ധാ) 788/85 പ്രകാരം ഭരണാനുമതി 23.11.95-ലെ ജി.ഒ.(സാ.ധാ) 4136/95/ആ.കു.വ പ്രകാരം പ്രത്യേക അനുമതി നൽകുകയും 6.10.97-ലെ ജി.ഒ.(സാ.ധാ) 3599/97/ആ.കു.വ പ്രകാരം ഭരണാനു മതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ടെണ്ടർ തീയതി 8.1.97. പ്രീ ക്വാളിഫിക്കേഷൻ തീയതി 15.3.96.

(എഫ്) ഈ സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കാൻ കഴിയു മെന്ന് പ്രതീക്ഷിക്കുന്നു.

(ജി) 3,53,09,674 രൂപ

(എച്ച്) 31.3.2000.

164 (1768) ആയുർവേദ ഡിസ്പെൻസറികൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് നിയോജകമണ്ഡലത്തിൽ ആയുർവേദ ഡിസ് പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളാണെന്ന് വെളിപ്പെടു ത്തുമോ;

(സി) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അജാനൂർ, നീലേശ്വരം, കോടോംബേളൂർ എന്നിവയാണ് പ്രസ്തുത പഞ്ചായത്തുകൾ.

(സി) സാമ്പത്തിക ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി എല്ലാ പഞ്ചാ യത്തുകളിലും ആയുർവേദ ആശുപത്രി/ഡിസ്പെൻസറി ആരംഭിക്കണമെ ന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly